**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ലോക എയ്ഡ്സ് ദിനം 2018 – തിരുവനന്തപുരം കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യക്ക് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3064/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 03/12/2018

---

പരാമർശം:- ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യാ ഡയറക്ടറുടെ 25/10/2018 ലെ P WADS/049/18 നമ്പർ കത്ത്.

6/12/18

**ഉത്തരവ്**

ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ലോക എയ്ഡ്സ് രോഗ നിവാരണ ദിനാചരണം സംസ്ഥാനതലത്തിൽ 2018 ഡിസംബർ 1 ന് യൂണിവേഴ്സിറ്റി കോളേജ് ആഡിറ്റോറിയം, സെന്റിനറി ഹാൾ, വി.ജെ.റ്റി ഹാൾ എന്നിവിടങ്ങളിൽ വെച്ച് വിവിധ പരിപാടികളോടെ നടത്തുകയാണെന്നും, 2018 ഡിസംബർ 1ന് ആരംഭിച്ച് ഡിസംബർ 7 ന് അവസാനിക്കുന്ന തരത്തിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നതെന്നും, കുട്ടികൾക്കായി ചിത്രരചനാ മത്സരങ്ങൾ, വിവിധ സെമിനാറുകൾ, എക്സിബിഷനുകൾ, രക്തദാന ക്യാമ്പുകൾ, റെഡ്റിബൺ മാർച്ചുകൾ എന്നിവ മറ്റ് ദിനങ്ങളിലായി നടത്തുമെന്നും, പ്രസ്തുത പരിപാടി തിരുവനന്തപുരം കോർപ്പറേഷന്റെ സഹകരണത്തോടെ നടത്തുന്നതിനും പരിപാടിയിലെ റെഡ്റിബൺ മാർച്ചിന് 50,000/- രൂപ കോർപ്പറേഷന്റെ തനത് ഫണ്ടിൽനിന്നും ധനസഹായം നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്നും ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യാ ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 ലോക എയ്ഡ്സ് രോഗനിവാരണദിനാചരണത്തിന്റെ ഭാഗമായി ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾ തിരുവനന്തപുരം കോർപ്പറേഷന്റെ സഹകരണത്തോടെ നടത്തുന്നതിനും പരിപാടിയിലെ റെഡ്റിബൺ മാർച്ചിന് തിരുവനന്തപുരം കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും 25,000/- (ഇരുപത്തി അയ്യായിരം) രൂപ നൽകുന്നതിനും യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
അനീഷ്.റ്റി
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
മേയർ/സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.
ഡയറക്ടർ, ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യ, കാട്ടാക്കട, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.